പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം : *206 08.03. 2017 ൽ മറുപടിക്ക്

**കേന്ദ്ര വൈദ്യുതി ഭേദഗതി നിയമം**

ചോദ്യം

**ശ്രീ. റ്റി.വി.രാജേഷ്**
**,, ബി.ഡി. ദേവസ്സി**
**,, ഡി.കെ. മുരളി**
**,, പി.കെ. ശശി.**

ഉത്തരം

ശ്രീ.എം.എം. മണി
(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ)നിർദ്ദിഷ്ട കേന്ദ്ര വൈദ്യുതി ഭേദഗതി നിയമത്തിന്റെ കരട് പരിശോധിച്ചിരുന്നോ; പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമാണ്; | (എ) പരിശോധിച്ചിട്ടുണ്ട്. കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് വൈദ്യുതി ഭേദഗതി നിയമത്തിലെ പ്രധാന നിർദ്ദേശങ്ങൾ താഴെപ്പറയുന്നു.<br>(1) വൈദ്യുതി വിതരണ മേഖല വിഭജിച്ച്, ശൃംഖലയുടെ നിർമ്മാണ - പരിപാലന ചുമതല ഒരു സ്ഥാപനത്തിനും, വൈദ്യുതി വാങ്ങൽ - വിൽപ്പന മറ്റൊരു സ്ഥാപനത്തിനും (സപ്ലൈ ലൈസൻസി) ആയി മാറ്റണം.<br>2. ഒരു പ്രദേശത്ത് ഒന്നിലധികം സപ്ലൈ ലൈസൻസികൾ ഉണ്ടാകാം.<br>3. ഉപഭോക്താക്കൾക്ക് ഇഷ്ടമുള്ള സപ്ലൈ ലൈസൻസിയിൽ നിന്ന് വൈദ്യുതി വാങ്ങാം.<br>4. കേന്ദ്ര സർക്കാർ പുറപ്പെടുവിക്കുന്ന ദേശീയ വൈദ്യുതി പോളിസി, താരിഫ് പോളിസി തുടങ്ങിയവ കേന്ദ്ര വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ, സംസ്ഥാന കമ്മീഷൻ, സംസ്ഥാന സർക്കാരുകൾ, ഉല്പാദന ലൈസൻസികൾ തുടങ്ങിയവർക്ക് നിർബന്ധമായും ബാധകമാണ്.<br>5. റിന്യൂവബിൾ എനർജി ഉല്പാദകരിൽ നിന്നുള്ള ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നു.<br>6. വിതരണ ലൈസൻസികളുടെയും സപ്ലൈ ലൈസൻസികളുടെയും ഇടനിലയായി പ്രവർത്തിക്കുന്ന ഒരു ഇന്റർമീഡിയറി കമ്പനിയും വിഭാവനം ചെയ്തിട്ടുണ്ട്. |

| | |
|---|---|
| (ബി) വൈദ്യുതി വിതരണവും വില്പനയും വേർപെടുത്താനും വില്പന പൂർണ്ണമായും സ്വകാര്യവല്ക്കരിക്കാനും ഉള്ള നിർദ്ദേശം വൈദ്യുതി മേഖലയെ ഏതു തരത്തിൽ ബാധിക്കുമെന്ന് അറിയിക്കാമോ; | (ബി)പ്രസ്തുത ഭേദഗതി വൈദ്യുതി ബോർഡിനും സർക്കാരിനും പൊതുജനങ്ങൾക്കും ദോഷകരമായിരിക്കും എന്നാണ് വിലയിരുത്തുന്നത്. പ്രത്യേക വിഭാഗമായി സപ്ലൈ ലൈസൻസി വരുന്നത് ക്രോസ് സബ്സിഡി ഇല്ലാതാക്കുകയും പാവപ്പെട്ട ഉപഭോക്താക്കളെ സാരമായി ബാധിക്കുകയും ചെയ്യും. കൂടാതെ പൊതു മുതൽ ഉപയോഗിച്ച് നിർമ്മിച്ച വൈദ്യുതി വിതരണ ശൃംഖല സ്വകാര്യ/വൻകിട/ധനിക ലൈസൻസികൾക്ക് നിയന്ത്രണമില്ലാതെ നൽകുന്നതിനു നിർബന്ധിതമാകും. |
| (സി) കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ നിലനിൽപ്പതന്നെ അപകടത്തിലാക്കാവുന്ന നിയമ ഭേദഗതി നീക്കത്തിൽ നിന്നു പിൻമാറാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ? | (സി) ടി കരട് ഭേദഗതി നിയമത്തിന്മേലുള്ള സംസ്ഥാന ഗവൺമെന്റിന്റെ അഭിപ്രായം കേന്ദ്ര ഗവൺമെന്റിനെ അറിയിച്ചിട്ടുണ്ട്. |

(ഒപ്പ്)

സെക്ഷൻ ഓഫീസർ